(1)	(2)	(3)
15.	പുതിയേടത്ത് പറമ്പ്	പുളിക്കൽ
16.	എടപ്പറ്റ	എടപ്പറ്റ
17.	കോഴിക്കോട്ടുപറമ്പ്	മങ്കട
18.	നിറമരുതൂർ	നിറമരുതൂർ
19.	പഞ്ചായത്ത്പടി	ഊരകം
20.	കാരാട്പറമ്പ്	വാഴയൂർ
21.	ചപ്പനങ്ങാടി	പൊന്മള
22.	ചക്കാലക്കുത്ത്	നിലമ്പൂർ മുൻസിപ്പാലിറ്റി

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം നിയോജക മണ്ഡലത്തിൽ 3 മാവേലി സ്റ്റോർ അനുവദിക്കുകയും അവയെല്ലാം പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(സി) സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനാണ് സപ്ലൈകോ നിലവിൽ മുൻഗണന നൽകുന്നത്. സർക്കാർ മാനദണ്ഡപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്ത് തയ്യാറാകുന്ന മുറയ്ക്ക്, സാധ്യതാപഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ന്യായവില ഷോപ്പുകളിലെ താല്ക്കാലിക തൊഴിലാളികൾ

207(3091) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ന്യായവില ഷോപ്പുകളിൽ പായ്ക്കിംഗ് സെക്ഷനിൽ ദിവസ വേതനക്കാരായ എത്ര താല്കാലിക തൊഴിലാളികളാണ് ജോലി ചെയ്ത് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ ജോലി സമയവും ദിവസവേതനവും എത്രയാണെന്ന് അറിയിക്കുമോ;

(സി) തൊഴിലാളികൾക്ക് ഇ. എസ്.ഐ. ആനുകൂല്യങ്ങളോ തൊഴിൽ സുരക്ഷയോ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) സപ്ലൈകോ ഒരു പാക്കറ്റ് ഉൽപ്പന്നം പായ്ക്ക് ചെയ്യുന്നതിന് തൊഴിലാളികൾക്ക് എത്ര രൂപയാണ് വേതനമായി നൽകേണ്ടി വരുന്നതെന്നും പാക്ക് ചെയ്ത ഉൽപ്പന്നങ്ങൾക്ക് എത്ര രൂപയാണ് പാക്കിംഗ് ചാർജ്ജായി ഈടാക്കുന്നതെന്നും അറിയിക്കുമോ?

ഉത്തരം

(എ) സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ 832 പായ്ക്കിംഗ് തൊഴിലാളികൾ ജോലി ചെയ്യുന്നു.

(ബി) പ്രസ്തുത തൊഴിലാളികൾ അവരുടെ സൗകര്യപ്രദമായ സമയത്ത് പായ്ക്കറ്റ് ഒന്നിന് 50 പൈസ എന്ന നിരക്കിൽ ജോലി ചെയ്യുന്നു.

(സി) നൽകുന്ന വേതനത്തിന്റെ അടിസ്ഥാനത്തിൽ ഇ.പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ഡി) തൽക്കാലം പരിഗണനയിലില്ല.

(ഇ) സപ്ലൈകോയിൽ ഒരു പാക്കറ്റ് ഉൽപ്പന്നം പായ്ക്ക് ചെയ്യുന്നതിന് തൊഴിലാളിക്ക് പായ്ക്കറ്റ് ഒന്നിന് 50 പൈസ എന്ന നിരക്കിൽ നൽകിവരുന്നു. ഉപഭോക്താവിൽനിന്ന് ഈടാക്കുന്ന പായ്ക്കിംഗ് ചാർജ് അനുബന്ധമായി ചേർക്കുന്നു.*

ഹൈപ്പർ മാർക്കറ്റുകൾ

208(3092) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly